# നാടാർ
വിവാഹാലോചനകൾക്ക്
nadarkalyanam.in
ഇന്നു തന്നെ ഓൺലൈനിൽ
രജിസ്റ്റർ ചെയ്യുക





കുടുംബമാസിക

dinakairali tv (Utube) 2021 സെപ്തംബർ www.kamarajvidyajyothi.com

E-mail : nadarwelfare@gmail.com | Website : www.ayyavaikundar.org

നാടാർ സമുദായത്തിന്റെ മുഖപത്രം | നാടാർ കുടുംബക്ഷേമസമിതി അംഗങ്ങൾക്കുള്ള പഠനസഹായി


# സ്ത്രീധന വിപത്തിനെതിരെ പോരാടും




വിവാഹ ധൂർത്തിനും സ്ത്രീധന വിപത്തിനുമെതിരെ സമുദായാംഗങ്ങൾക്കിടയിൽ വിപുലമായ ബോധവൽക്കരണം സംഘടിപ്പിക്കുമെന്ന് കേരള നാടാർ മഹാജന സംഘം സംസ്ഥാന നേതൃത്വ ക്യാമ്പ് അംഗീകരിച്ച നയരേഖയിൽ പറയുന്നു. വധുവിന്റെ പണത്തിൽ താലി വാങ്ങുന്ന വരനേയും വിവിധ ചടങ്ങുകളിലായി ബന്ധുക്കൾക്ക് സ്വർണ്ണാഭരണങ്ങൾ കൈമാറുന്ന ചടങ്ങുകളേയും അംഗീകരിക്കാനാവില്ല. ആഘോഷമാക്കുന്ന മരണാനന്തര ചടങ്ങുകളും അവസാനിപ്പിക്കണം.

സി. സ്വയംഭൂ, വെള്ളാർ സുരേന്ദ്രൻ, ഡോ. സുജിത് എൻ. തമ്പി, രാജൻ ബാബു പാമാംകോട്, കോളിയൂർ വിജയൻ, കെ. പരമേശ്വരൻ നാടാർ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. തുടർന്നു നടന്ന സംഘടന ചർച്ചയിൽ മാവിള രാജേന്ദ്രൻ, ആർ.കെ. രാമചന്ദ്രൻ, സി. കരുണാകരൻ നാടാർ, പനക്കോട് ആന്ത്രിയോസ്, ഡി. സെൽവിസ്റ്റർ ഉച്ചക്കട, പി. ശശിധരൻ, കോളിയൂർ സോമൻനാടാർ, ഷെൽട്ടൻ ജോർജ്ജ്, എം. ഹരികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

മുല്ലൂർ പങ്കജാക്ഷൻ വൈദ്യരുടെ അദ്ധ്യക്ഷതയിൽ നടന്ന ക്യാമ്പ് അസിസ്റ്റന്റ് ജനറൽ സെക്രട്ടറി എ.എസ്. അഹിമോഹൻ ഉത്ഘാടനം ചെയ്തു.

# സമുദായ ഉന്നതിയ്ക്ക് ചരിത്രബോധം അനിവാര്യം


ഡോ. സുജിത്ത്

ഒരു സമൂഹം തന്റെ പൈതൃകത്തെ അറിയാതാകുമ്പോൾ വേരുകൾ ഉണങ്ങി ക്രമേണ നശിച്ചുപോകുമെന്നും സമൂഹത്തെ ഭരിക്കുകയും നിയന്ത്രിക്കുകയും തിരുത്തുകയും ചെയ്ത നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ചരിത്രം മറ്റുള്ളവർ രേഖപ്പെടുത്താതെ വിട്ടത് നമ്മൾ കണ്ടെത്തി രേഖപ്പെടുത്തണമെന്നും പ്രൊഫ:ഡോ: സുജിത് എൻ.തമ്പി അഭിപ്രായപ്പെട്ടു. കെഎൻഎംഎസ് നേതൃത്വ ക്യാമ്പിൽ 'സമുദായ ഉന്നതിയും ചരിത്രബോധവും' എന്ന വിഷയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്തസ്സും സമ്പത്തും അംഗീകാരവും ഉള്ളവരായി വാഴേണ്ടവരാണു നമ്മൾ എന്ന് അയ്യാവൈകുണ്ഠർ അരുൾനൂൽ എന്ന വിശുദ്ധഗ്രന്ഥത്തിലൂടെ വാഴപ്പഠിപ്പ് ഭാഗത്ത് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

*"ചാത്തിരത്തിലുള്ള കന്നിമക്കൾ നമ്മുടൈയെ*
*ചാന്റോർകൾ നന്റായ് തളൈത്ത്വാള"*

സ്വാതന്ത്ര്യം കിട്ടി 75 വർഷങ്ങൾ പിന്നിടുമ്പോൾ മറ്റ് സമുദായങ്ങൾ വിദ്യാഭ്യാസം നേടി കൂട്ടായ്മയിലൂടെ മുന്നേറിയപ്പോൾ നമ്മുടെ സമുദായം വേണ്ടത്ര പുരോഗതി നേടിയില്ല. പല മതങ്ങളിലും ജാതികളിലുമായി ചിതറിത്തെറിച്ച് ഐക്യമില്ലാത്തവരായി. "ഒന്നുക്കൊന്ന് നിരപ്പായിരുന്നു" വിവേകമുള്ളവരാകാൻ നാം പഠിക്കണം. രാഷ്ട്രീയം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, സിനിമ, സാഹിത്യം എന്നിങ്ങനെ സമൂഹത്തിന്റെ എല്ലാ തുറകളിലും സമുദായത്തിലെ പ്രതിഭകൾ സംഭാവനകൾ നൽകിയിട്ടുണ്ട്. അവരുടെ ജീവിതം പ്രചോദനമാക്കിക്കൊണ്ട് പുതിയ തലമുറയെ വളർത്തി എടുക്കാനുള്ള ഉത്തരവാദിത്വം നാം നിറവേറ്റണം. കേരളീയ നവോത്ഥാനത്തിന്റെ പ്രഭവകേന്ദ്രമായിരുന്ന അയ്യാവൈകുണ്ഠരുടെ വചനങ്ങളെ അനുസരിച്ചുകൊണ്ട് സഹോദരങ്ങളേ, നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം– ഡോ:സുജിത് പറഞ്ഞു.

## നാടാർ സമുദായത്തെ കോൺഗ്രസ്സ് വീണ്ടും അവഗണിച്ചു

കേരളത്തിൽ ഡിസിസി പ്രസിഡന്റുമാരെ നിയമിച്ച പ്രക്രിയയിലും നാടാർ സമുദായത്തെ ഒരിക്കൽക്കൂടി അവഗണിച്ച കാഴ്ചയാണ് രാഷ്ട്രീയ കേരളം കണ്ടത്. പാർട്ടിയുടെ ചരിത്രത്തിൽ ഒരിക്കൽ പോലും ഈ സ്ഥാനത്ത് നാടാരെ പരിഗണിച്ചിട്ടില്ല. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തിരുവനന്തപുരം ജില്ലാ സെക്രട്ടറി നാടാരായിരുന്നു. പാർട്ടി പിളർന്നശേഷം സിപിഎമ്മും സിപിഐയും ജില്ലാ സെക്രട്ടറിമാരായി നാടാർക്ക് അവസരം നൽകി. നായർ സമുദായക്കാരൻ പത്തു പ്രാവശ്യം ഡിസിസി പ്രസിഡന്റ് സ്ഥാനം വഹിച്ചിട്ടുണ്ട്.

ജില്ലയിലെ പത്തു നിയോജകമണ്ഡലങ്ങളിൽ നിർണ്ണായക ശക്തിയായിട്ടുപോലും ജില്ലാ കമ്മിറ്റിയുടെ തലപ്പത്ത് നാടാർക്ക് അവസരം നൽകാതിരിക്കാൻ പാർട്ടിയിലെ എല്ലാ ഗ്രൂപ്പുകളും ഒന്നിച്ചു. ഡിസിസി പ്രസിഡന്റാവാൻ യോഗ്യരായവർ നാടാർ സമുദായത്തിലില്ലെന്നാണ് ഇവർ വാദിച്ചത്. തെരഞ്ഞെടുപ്പടുക്കുമ്പോൾ വോട്ടിനു വേണ്ടി നാടാർ സമുദായത്തെ പല തരത്തിൽ സ്വാധീനിക്കാൻ ശ്രമിക്കുകയും കള്ളച്ചിരിയുമായി അടുക്കുകയും ചെയ്യുമ്പോൾ സമുദായംഗങ്ങൾ ഈ ചതിപ്രയോഗങ്ങൾ മറക്കാതിരിക്കുക. നാടാർ സമുദായംഗങ്ങൾ കോൺഗ്രസ്സ് പാർട്ടിയിൽ ഇനിയും പ്രവർത്തനം തുടരണമോ എന്ന് സ്വയം ചിന്തിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നുവെന്ന് തിരിച്ചറിയുക.

# *The month that was......*

**Pegasus:** On August 9th in its first response to the Pegasus snoopgate controversies, the Ministry of Defence said that it didn't have any transactions with Israel based NSO group, which owns the spyware; though firmly refuting the charge of using it until then. Many cases were filed in High Courts and also at the Supreme Court. Supreme Court Chief Justice NV. Ramana said, 'Allegations are serious, truth has to come out in the snopping issue. Though the charges were firmly denied by the Government at various levels, the Solicitor General, on behalf of the government indicated in the Supreme Court that public disclosure will lead to security concern.



It is claimed by the opposition that the government has targeted many opposition leaders including Rahul Gandhi. Even two of BJP ministers of Modi government were targeted. Bengal Chief Minister Mamata is strongly taking up the case as she claims it was used in the Bengal elections to divide the Trina Mool Congress. Opposition also observed that it might have been used in destabilizing opposition governments in Karnataka and elsewhere.

Technology - End-to-end encryption is the technology that scrambles messages on your phone and unscrambles them only on the recipients' phones, which means anyone who intercepts the messages in between can't read them. This kind of encryption is good for protecting your privacy, but governments don't like it because it makes it difficult for them to spy on people.

The NSO Group of Israel's flagship product is Pegasus, spyware that can stealthily enter a smart phone and gain access to everything on it, including its camera and microphone. The company says it sells Pegasus only to governments and only for the purposes of tracking criminals and terrorists. Governments and phone companies can track a phone's location by tracking cell signals from cell tower transceivers and cell transceiver simulators.

Once installed, Pegasus can theoretically harvest any data from the device and transmit it back to the attacker. It can steal photos and videos, recordings, location records, communications, web searches, passwords, call logs and social media posts. It also has the capability to activate cameras and microphones for real-time surveillance without the permission or knowledge of the user. The earliest reported use of Pegasus was by the Mexican government in 2011 to track notorious drug baron Joaquin 'El Chapo' Guzman.

**Afghanistan:** The US withdrawal has resulted in fierce fighting and the Taliban making rapid territorial gains in the country. Taliban wanted a military victory to return to power after their ouster 20 years ago in the wake of the September 11, 2001 attack on the US. Young women were being taken away forcibly. Taliban vowed to honour women's rights but within Islamic law.

On Aug 17th, Taliban militants took control over Kabul, capital of Afghanistan. President Ashraf Ghani flew out of the country on 16th night as the insurgents encircled the capital. UN Secretary General Antonio Guterres asked the insurgents to protect the right of the Afghan people.On August 17th the Indian government sent a special military plane and brought back to India 140 people mostly associated with the Embassy. The other countries were evacuating their citizens in a war footing as the Taliban deadline is August 31st. On August 26th the ISIS Khorasin created a rukus near the Kabul airport by detonating bombs at 3 places and killed nearly 200 people including 13 US marines. US President Biden said, 'We will not forgive or forget this and the persons responsible will have to pay'. On August 26th US retaliated with drones and killed the Kabul airport mastermind and his associate at Nangahar.





*Er. Jayakumar Thomas*

Back ground - The Taliban refers to itself as the Islamic Emirate of Afghanistan. From 1996 to 2001, the Taliban held power over roughly three-quarters of Afghanistan, and enforced a strict interpretation of Sharia, or Islamic law. The Taliban emerged in 1994 as one of the prominent factions in the Afghan Civil War and largely consisted of students from the Pashtun areas of eastern and southern Afghanistan who had been educated in traditional Islamic schools, and fought during the Soviet-Afghan War. Under the leadership of Mohammed Omar, the movement spread throughout most of Afghanistan, shifting power away from the Mujahideen warlords. The Afghan capital was transferred to Kandahar. It held control of most of the country until being overthrown after the American-led invasion of Afghanistan in December 2001 following the September 11 attacks of the World Trade Centre. At its peak, formal diplomatic recognition of the Taliban's government was acknowledged by only three nations: Pakistan, Saudi Arabia, and the United Arab Emirates. The group later regrouped to fight the American-backed **Karzai** administration of Afghanistan.



During their rule, the Taliban and their allies committed massacres against Afghan civilians. While the Taliban controlled Afghanistan, they banned activities and media including paintings, photography, and movies that depicted people or other living things. They also prohibited music using instruments, with the exception of the daf. The Taliban prevented girls and young women from attending school, banned women from working jobs outside of healthcare (male doctors were prohibited from treating women), and required that women be accompanied by a male relative and wear a burqa at all times when in public. If women broke certain rules, they were publicly whipped or executed. Religious and ethnic minorities were heavily discriminated against during Taliban rule. The Taliban also engaged in cultural genocide, destroying numerous monuments including the famous 1500-year-old Buddhas of Bamiyan.

The Pakistani Inter-Services Intelligence (ISI) and military are widely alleged by the international community to have provided support to the Taliban during their founding and time in power, and of continuing to support the Taliban during the insurgency. In 2001, reportedly 2,500 Arabs under command of Al-Qaeda leader Osama bin Laden fought for the Taliban. Following the Fall of Kabul on 15th August 2021, the Taliban regained effective control of the governance of Afghanistan. The population of Afghanistan is around 4 crores.

**Olympics:** This time India achieved the best results so far. The medal counts are 1 Gold, 2 Silver and 4 Bronze. Neeraj Chopra got the first Gold in Track and field for India in Javelin Throw by achieving a distance of 87.58 metres. He is the second after Abinav Bindra to bag an individual Gold till now. Meerabai Chanu got Silver in weight lifting in the 49 Kg category. Wrestler Ravikumar Dahiya won Silver in 57 kg category. PV Sindhu displayed excellent game and got two medals - two bronze, a record one. Indian Men's Hockey team got a medal, a bronze one after a gap of 40 years.





# ഓലച്ചുവടികളിൽ നിന്നും കണ്ടെത്തിയത്

സമ്പാദകൻ : വി. നേശയ്യൻ നാടാർ



## അടുക്കുന്നിലെ പോതകം

ചൊൽപിറന്തയിടമെങ്കെ മുപ്പാഴെങ്കെ?
തോവാരപാലകരെങ്കെ വൈകുണ്ഡമെങ്കെ?
നല്ലചങ്കുംനദിയെങ്കെ അഷ്ടപാലകരെങ്കെ?
നാരണരും ആലിലൈമേൽ പടുത്തതെങ്കെ?
അല്ലൽപാടും ഐനൂതം ഒടുക്കമെങ്കെ?
ആറഞ്ചുയിതൾരണ്ടും മുളൈത്തതെങ്കെ?
ചൊല്ലവല്ലവരുമുണ്ടുമാനാൽ അവരൈനാമും
തൊഴുതുകുരുവെനെപ്പണിന്തു വണങ്കലാമേ

ഉന്തിയനും നിലൈയെങ്കെ അറുകോണമെങ്കെ?
ഓങ്കാര നിലൈയെങ്കെ ഉറ്റയിടവുമെങ്കെ?
മന്തിരവും ചാത്തിരവും പിറന്തതെങ്കെ?
മറൈനാലും വിരിന്തവയൽ താനുമെങ്കെ?
മുന്തിവരും കെണപതിയും പിറന്തതെങ്കെ?
മുക്കോണമുനൈയെങ്കെ പടിതാനെങ്കെ?

ഇന്തവകൈ പൊരുളറിന്തുചൊല്ലാർതമ്മെ
ഇറയവനെന്റേകരുതി ഇയമ്പലാമെ?

പർവതത്തിൽ പൊങ്കിവരും വഴിതാനെങ്കെ?
തെരിന്തുമുറൈകൊണ്ടു നിന്റ അറിവുമെങ്കെ?
ഉർപ്പനമായി കരുവുനിന്റ വിളൈതാനതെങ്കെ?
ഒരുപാതം താക്കിനിന്റ അടയാളമെങ്കെ?
തർപ്പരമായി അടങ്കിനിന്റ നിലൈതാനെങ്കെ?
സർവ്വ ഉയിരായി എടുത്ത ചീവനുമെങ്കെ?
ഇപ്പൊരുളൈ അറിന്തുരൈക്കും പെരിയോർ നമൈ
ഇറയവനെന്റെ കരുതി ഇയമ്പലാമേ?

## അടുക്കുന്നിലെ പോതകപിരിവ്

ചൊൽപിറന്തയിടം മൂളൈ മുപ്പാൾമൂലം
തോവാരപാലകർ കരത്തിൽ മുതർപ്പാൾ ലിങ്കം
നല്ലചങ്കു നദികതളിതോപ്പ്, വൈകുണ്ടം നെഞ്ച്
നാരണരും പടുത്തയിടം മേലംതന്നിൽ
അല്ലൽപടും അയ്മ്പൂതം ഒടുക്കംപൂതം
ആറഞ്ച് ഇതൾ രണ്ടും എൺകോണത്തിൽ
ചൊല്ലവല്ലോൻ നാനെന്റു തൊകുപ്പായികൂറി
ചൊകുസാകൈ വിരുതുകെട്ടികൊള്ളേ

ഉന്തിനിലൈ ഉറ്റയിടം സ്വാതിഷ്ടാനം
ഓങ്കാരമുറ്റയിടം മൂലാധാരം മന്തിരവും ചാത്തിരവും
മറൈയോൺ തൻവായിൽ തോന്റും
മറൈന്നൂലും വിതിത്ത അയ്യൻ കമലം തന്നിൽ

മുന്നിവരും കെണപതിയും പിറപ്പുവന്നി
മുക്കോണ മുനൈ മുയ്യം അടിതാൻ തൊപ്പിൾ
ഇന്തവകൈ പൊരുളറിന്തു ചൊൽവേൻ ഉലൈമ
ഇനി എനക്കുപരിശുമണി അണിന്തിടായേ

പാർവ്വതിയിൽ പൊങ്കിവരും വഴിതാൻ നാശി
പൊരുന്തറിവു കൊണ്ടയിടം മൂളൈയാകും
ഉർപ്പനമായി കരുപിളൈന്തയിടം താനപ്പൂ
ഒരുപാതം താക്കുമടയാളം ഉന്തി
തർപ്പരമതാകിന്റ നിലൈ താൻ നെഞ്ച്
സർവ്വഉയിർ എടുത്ത ശിവനിരുപ്പു നെറ്റി
ഇപ്പൊരുളൈയറിന്തുരൈത്തോൻ പെരിയോർ മുന്നൈ
ഇനി എനക്ക് പരിശുമണി അണിന്തിടായേ

# സ്ഥാണുരവിയുടെ കാലം



ഇളംകുളം കുഞ്ഞൻപിള്ള

സിറിയൻ ക്രിസ്ത്യാനികളുടെ കൈവശമുള്ള തരിസാപ്പള്ളി ശാസനങ്ങളിൽ അന്നു കേരളം വാണിരുന്ന സ്ഥാണുരവിയുടെ ഭരണവർഷമാണല്ലോ ഉപയോഗിച്ചിട്ടുള്ളത്. ശാസനം നൽകുന്നത് വേണാടു വാണിരുന്ന അയ്യനടികൾ എന്ന സാമന്തനാണ്. സാമന്തരായ നാടുവാഴികൾ സ്വന്തം ഭരണവർഷം ഉപയോഗിക്കാറില്ല. 'കൊല്ലം തൊൻറി' ഇത്രാമാണ്ട് എന്നു പറയുകയോ മേൽക്കോയ്മ സ്ഥാനം വഹിച്ചിരുന്ന ചേരരാജാക്കന്മാരുടെ ഭരണവർഷം ഉപയോഗിക്കുകയോ കേവലം വ്യാഴത്തിന്റെ സ്ഥിതി മാത്രം സൂചിപ്പിക്കയോ ചെയ്കയാണു പതിവ്. ആ രീതിക്ക് അയ്യനടികളും സ്ഥാണുരവിയുടെ അഞ്ചാമത്തെ വർഷമെന്നു മാത്രം പറയുന്നു.

തില്ലെസ്ഥാനം രേഖയുടെയും തിരുവൊറ്റിയൂർ രേഖയുടെയും മറ്റും സഹായത്തോടുകൂടി പണ്ഡിതനായ ഗോപിനാഥറാവു ഈ ചക്രവർത്തിയുടെ കാലം കൊല്ലം ഒന്നാം ശതകത്തിന്റെ മദ്ധ്യഘട്ടമെന്നു സ്ഥാപിച്ചിട്ടുണ്ട്. പുരാവസ്തു സംരക്ഷണ വകുപ്പിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുള്ള ഗ്രന്ഥാവലിയിൽ രണ്ടാം വാല്യത്തിൽ അതിനാധാരമായ യുക്തികൾ അദ്ദേഹം നൽകിയിട്ടുള്ളത് ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ലല്ലോ. പിന്നീടു കൂടുതലായി ലഭിച്ച തെളിവുകളെപ്പറ്റി മാത്രം പ്രതിപാദിക്കാം.

സ്ഥാണുരവിയുടെ കാലത്തു ജീവിച്ചിരുന്ന കൊല്ലം സ്വദേശിയായ ശങ്കരനാരായണൻ എന്ന പണ്ഡിതൻ ലഘുഭാസ്കരീയത്തിന് ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്. പ്രസിദ്ധം ചെയ്തിട്ടില്ലാത്ത ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തു കാപ്പി തിരുവനന്തപുരത്ത് മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ നിന്നാണ് എനിക്ക് കാണാൻ കഴിഞ്ഞത്. കൊല്ലം ഒന്നാം ശതകത്തിലെ കേരളത്തിന്റെ സ്ഥിതിഗതികൾ മനസ്സിലാക്കുവാൻ ഇതു വളരെ സഹായിക്കുന്നുണ്ട്. ആദ്യത്തെ പദ്യത്തിൽ ഗ്രന്ഥകാരൻ സ്ഥാണുരവിയെ സ്തുതിക്കുന്നു. ശിവപരമായും രാജപരമായും യോജിക്കത്തക്കവണ്ണമാണു വിശേഷണങ്ങൾ പ്രയോഗിച്ചിട്ടുള്ളത്. ഇതാണു ശ്ലോകം.

*"വ്യാപ്തം മൂർത്തിഭിരഷ്ടഭിർജഗദിദം*
*യസ്യാഖിലം ദൃശ്യയേ*
*സ്രഷ്ടാ രാജസരാഗവസ്ഥിതിവിധൗ*
*സത്വാ ശ്രീതഃ ശാർങ്ഗധൃക്*
*സംഹാരേ തമസാ യതോഹര ഇതി*
*പ്രോക്തോയ ഏകസ്ത്രിധാ*
*സ സ്ഥാണുർജയതീ ത്രിരൂപസഹിതോ*
*ലിങ്ഗേപീലോകാർച്ചിതാഃ"*

ജ്യോതിശാസ്ത്രത്തിൽ അതീവ തല്പരനായ ചക്രവർത്തി ഒരു ദിവസം ഒരു സൂര്യഗ്രഹണത്തെപ്പറ്റി ഒരു പ്രശ്നം ചോദിച്ചതായി പ്രസ്തുത ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു.

*"അംഗർത്വംമ്പര നന്ദവേദമനുഭിർ*
*യാതേ ദിനാനാംഗണേ*
*ഗ്രസ്തേതിഗ്മ മയൂഖമാലിനിതാമോ*
*ഭ്രുതേ പരാഹ്നേ ദിവി*
*പൃഷ്ടാ പ്രഗ്രഹണാദ് ദ്വിതീയ ഘടികാ-*
*ഗ്രാസപ്രമാണം രവേ-*
*മത് ത്രാ ശ്രീ കുലശേഖരേണ വിലസദ്*
*വേലാവൃതായാഭുവഃ"*

ആദ്യത്തെ വരിയിൽ കലിദിനസംഖ്യ പറയുന്നു. അതായത് അംഗം 6, ഋതു 6, അംബരം 03, നന്ദന്മാർ 9, വേദം 4, മനു 14. കലിദിനസംഖ്യകൾ ഒടുവിൽ നിന്നാണല്ലോ വായിക്കേണ്ടത്. അപ്പോൾ എല്ലാം കൂടി ചേർത്ത് 1449066 എന്നു കിട്ടുന്നു. അതിനടുത്ത ദിവസം ഉച്ചയ്ക്കു മുമ്പാണു ഗ്രഹണം. ഇതു സൂക്ഷ്മമായി കൂട്ടി നോക്കിയതിൽ കൊല്ലം 41-ാമാണ്ട് മിഥുനമാസം 25-ാം തീയതി എന്നും കാണുന്നു. അന്നു സൂര്യഗ്രഹണമായിരുന്നു എന്നും അതു കേരളത്തിൽ ദൃശ്യമായിരുന്നു എന്നും കൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

പ്രകൃതഗ്രന്ഥത്തിൽ മറ്റൊരു ഭാഗത്ത് "ശ്രീ രവി ധർമ്മ ദേവഃകദാചിദ് ഗ്രഹയുദ്ധ വിജ്ഞാന പ്രകടനാർത്ഥമാഹ-

*ചാപപ്രവിഷ്ഠ ഗുരുസൗരീ സമത്വകാലം*
*യാമ്യോത്തരം ഗമനമന്തരതഃ പ്രമാണം*
*ആ ചക്ഷ്വ സർവമവഗമ്യ ഭടോക്ത മാർഗ്ഗാ-*
*ദിത്യുക്തവാൻ രവീരശേഷ നൃപാഭിവന്ദ്യഃ*
*തദാ പഞ്ച വിംശതീ വർഷാണ്യതീതാനീ ദേവസ്യ*

എന്നു പറയുന്നു. കൊല്ലം ഒന്നാം ശതകത്തിൽ വ്യാഴവും ധനുവും കൂടി ധനുരാശിയിൽ വരുന്നത് 44-ാമാണ്ട് മാത്രമേ ഉള്ളൂ. അന്ന് രവിവർമ്മ കുലശേഖരൻ രാജാവായി 25 വർഷം കഴിഞ്ഞിരുന്നു. പഞ്ചവിംശതിവർഷാണി എന്ന് പറഞ്ഞിട്ടുള്ളത് ഭരണവർഷമാണെന്നും പ്രായമല്ലെന്നും ശാസനങ്ങൾ പഠനം നടത്തിയിട്ടുള്ളവർക്ക് നിഷ്പ്രയാസം ഗ്രഹിക്കാൻ കഴിയുമല്ലോ. രാജാക്കന്മാരുടെ അഞ്ചാമത്തെ വയസ്സ് പതിനഞ്ചാമത്തെ വയസ്സ് എന്നെല്ലാം പറയുന്നത് അവർ രാജാവായിക്കഴിഞ്ഞതിനുശേഷമുള്ള കാലത്തെപ്പറ്റിയാണ്. 'പ്രോപ്തപഞ്ചത്രികായ' എന്നു പാലിയം ശാസനത്തിൽ പറഞ്ഞിട്ടുള്ളത് ഉദാഹരണമായി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. കൂടാതെ രവിവർമ്മ കുലശേഖരൻ കുറേ പ്രായം ചെന്ന ഒരാളായിരുന്നുവെന്ന് മറ്റു വർണ്ണനകൾ കൊണ്ടു തെളിയുകയും ചെയ്യും. അതുകൊണ്ട് കൊല്ലവർഷം 44-ാമാണ്ട്, ഈ രാജാവ് സിംഹാസനാരൂഢനായി 25 വർഷം കഴിഞ്ഞുവെന്നും കൊല്ലം 19-ൽ രാജ്യഭാരം ആരംഭിച്ചുവെന്നും സിദ്ധിക്കുന്നു. തരിസാപ്പള്ളി ശാസനങ്ങളിൽ സ്ഥാണുരവിയുടെ 5-ാമത്തെ ഭരണവർഷം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ആ ശാസനങ്ങളുടെ കാലം കൊല്ല

വർഷം 24-ാമാണ്ടാണെന്നും വന്നുകൂടുന്നു. അവയിൽ പറയുന്ന മരുവൻ സപീർ, അനക് ഡോട്ടം സിറിയാക്കാ എന്ന ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള മാർസപൂർ ആകാനിടയുണ്ട്. എ.ഡി. 823ൽ ആണ് മാർസപൂർ കൊല്ലത്തു താമസമാക്കിയത്. ശാസനകാലത്ത് അദ്ദേഹം ഒരു വൃദ്ധനായിരിക്കണം. 26 വർഷത്തെ കൊല്ലത്തെ താമസത്തിനിടയിൽ രാജാക്കന്മാരുടെയും ജനങ്ങളുടെയും സ്നേഹാദരങ്ങൾക്ക് പാത്രീഭൂതനായിക്കഴിഞ്ഞുവെങ്കിൽ അത് അദ്ഭുതമല്ല.

അദ്ദേഹത്തിന്റെ ഭരണം കൊല്ലവർഷം 19 മുതൽ 60നു അടുത്തുവരെ എന്നു സാമാന്യമായി കല്പിക്കാം. തരിസാപ്പള്ളി ശാസനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള വിജയരംഗന്റെ മകൾ നീലി, കൊല്ലവർഷം 110 വരെ ജീവിച്ചിരുന്നുവെന്നു തിരുവൊറ്റിയൂർ രേഖയിൽ നിന്നു തെളിയുന്നത് ഈ കാലഗണനയ്ക്കു ബാധകമല്ല. വിജയരംഗൻ വിവാഹം കഴിച്ചിരുന്നത് സ്ഥാണുരവി കുലശേഖരന്റെ മകൾ കിഴാനടികളെ ആയിരുന്നല്ലോ. തരിസാപ്പള്ളി ശാസനകാലത്ത് വിജയരംഗൻ യുവാവായിരുന്നുവെന്ന് ഊഹിക്കാം. അദ്ദേഹത്തിന്റെ ഒരു മകൾ കൊല്ലവർഷം 110 വരെ ജീവിച്ചിരുന്നു എന്നു വിചാരിക്കാവുന്നതേ ഉള്ളൂ.

കുലശേഖരസ്ഥാനം : ഈ രാജാവിന്റെ പൂർണ്ണമായ പേര് സ്ഥാണുരവിവർമ്മ കുലശേഖരൻ എന്നായിരുന്നു. രവിവർമ്മ എന്നതു പേരും, സ്ഥാണുവും കുലശേഖരനും ബിരുദങ്ങളും. സ്ഥാണു എന്ന പദം ആദ്യത്തെ പദത്തിൽ മാത്രമേ കാണുന്നുള്ളൂ. മറ്റു സ്ഥലങ്ങളിലെല്ലാം രവി എന്നോ കുലശേഖരനെന്നോ ആണ് പറഞ്ഞിട്ടുള്ളത്. സ്ഥാണു എന്ന ബിരുദം അദ്ദേഹത്തിന് എങ്ങനെ ലഭിച്ചുവെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. അത് ഈ രാജാവിനു മാത്രമുള്ളൂ. സ്ഥാനമാണെന്നു തോന്നുന്നു. കുലശേഖരൻ അങ്ങനെയല്ല. കൊല്ലവർഷാരംഭം മുതൽ കൊല്ലം 277 വരെ മഹോദയപുരം വാണിരുന്ന ചേരരാജാക്കന്മാരെല്ലാം കുലശേഖരൻ എന്ന ബിരുദം ഉപയോഗിക്കുന്നു. നാടകത്രയത്തിന്റെ കർത്താവ് കുലശേഖര വർമ്മനാണ്. മുകുന്ദമാലയുടേയും പെരുമാൾ തിരുമൊഴിയുടെയും കർത്താക്കന്മാരും കുലശേഖരന്മാരായിരുന്നു.







യമകകാവ്യങ്ങളുടെ കർത്താവായ വാസുദേവൻ രാമവർമ്മ കുലശേഖരന്റെ സദസ്സിനെ അലങ്കരിച്ചിരുന്നുവെന്നു അദ്ദേഹം തന്നെ പറയുന്നുണ്ട്. കുലശേഖരൻ, കുലശേഖര ദേവൻ, കുലശേഖര കോയിലധികാരികൾ, കുലശേഖര ചക്രവർത്തികൾ എന്നിങ്ങനെ ശാസനങ്ങളിലും കൊല്ലം ആദിശതകങ്ങളിൽ കേരളം വാണിരുന്ന പല കുലശേഖരന്മാരെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. എല്ലാം കൂടി ആലോചിക്കുമ്പോൾ പാരമ്പര്യമായി മഹോദയപുരം വാണിരുന്ന ചേരരാജാക്കന്മാർ ഉപയോഗിച്ചിരുന്ന ബിരുദമാണു കുലശേഖരൻ എന്നും രണ്ടാം ചേരസാമ്രാജ്യത്തിന്റെ പ്രതിഷ്ഠാപകൻ പ്രസിദ്ധനായ ഒരു കുലശേഖരനാണെന്നും ഊഹിക്കുന്നതാണ് ഏറ്റവും സംഗതമായിട്ടുള്ളത്. ഈ കാവ്യത്തിൽ പല സ്ഥലത്തും കേരളവംശജനാണ് രവിവർമ്മ കുലശേഖരൻ എന്നു പറയുന്നുണ്ട്. നാടകകർത്താവായ കുലശേഖരവർമ്മനും 'കേരള ചൂഡാമണി'യാണ്.

(തുടരും....)

# എന്റെ കഥയെഴുത്ത്



**കെ.കെ. പൊന്നപ്പൻ**

കഥയോടുള്ള കമ്പം കുട്ടിക്കാലത്തേ ആരംഭിച്ചു എന്നാണ് തോന്നുന്നത്. അക്കാലത്ത് എന്റെ ഒരു ഏട്ടൻ അയൽപക്കത്തെ ഒരു സുഹൃത്തുമൊത്ത് ഞങ്ങളുടെ വീട്ടിലിരുന്ന് നോവലുകൾ വായിക്കുമായിരുന്നു. ആസ്വദിച്ചുള്ള അവരുടെ വായനയും ചർച്ചയും ഇറയത്ത് നിലവിളക്കിന്റെ വെളിച്ചത്തിരുന്ന് പാഠങ്ങൾ പഠിച്ചിരുന്ന എന്റെ ശ്രദ്ധ തെറ്റിച്ചിരുന്നു. ക്രമേണ എന്റെ ശ്രദ്ധ പാഠപുസ്തകങ്ങളിൽ നിന്നകന്ന് നോവൽ വായനയുടെ പിറകേ പോയ്ക്കൊണ്ടിരുന്നു. അതിൽ കാതോർത്തിരിക്കുമ്പോൾ പാഠപുസ്തകങ്ങളിൽനിന്ന് കിട്ടാത്ത എന്തോ ഒരു രസം മനസിൽ ഊറിവരുന്നതായി തോന്നി. അതെന്നെ പലപ്പോഴും ഏട്ടന്റെ മുറിയിലേയ്ക്ക് പതുങ്ങിച്ചെല്ലാൻ പ്രേരിപ്പിച്ചു.

ഏട്ടന്റെ സുഹൃത്ത് ഒരു കുട്ടനാട്ടുകാരനായിരുന്നു. അതുകൊണ്ട് തകഴിയുടെ നോവലുകളാണ് വായിക്കാൻ തെരഞ്ഞെടുത്തിരുന്നത്. അങ്ങനെ 'ഔസേപ്പിന്റെ മക്കൾ'ലേയും 'തോട്ടിയുടെ മകൻ'ലേയും 'രണ്ടിടങ്ങഴിയിലേയും കഥകൾ എന്റെ ചെറുപ്പത്തിലേ മനസ്സിൽ അവ്യക്തമായി പതിഞ്ഞു. അത് കഥകളോടുള്ള കൗതുകം എന്നിൽ വളർത്തി. മറ്റൊരു ഏട്ടന് 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' സ്കൂളിൽ പഠിക്കാനുണ്ടായിരുന്നു. ആ പേര് ഉച്ചരിച്ചുറപ്പിക്കാൻ ഏട്ടൻ പെട്ട പാട് ഇന്നും ഞാൻ ഓർക്കുന്നു. പിൽക്കാലത്ത് ദേവിന്റെ 'ഓടയിൽ നിന്ന്' എനിക്കും സ്കൂളിൽ പഠിക്കാൻ കിട്ടി. നോവലുകൾ നേരമ്പോക്കിനു മാത്രമുള്ളതല്ല; ഗൗരവമായി പഠിക്കാനുള്ളതാണെന്ന വെളിപാട് അങ്ങനെ എന്നിൽ വേര് പിടിച്ചു. പിന്നീട് നോവലുകളോടും കഥകളോടും ഞാൻ അനുരാഗത്തിലായി.

അവ വായിക്കുമ്പോൾ ജീവിതത്തിലെ മറ്റൊരനുഭൂതിയിൽ നിന്ന് അനുഭവിക്കാനാവാത്ത ഒരനുഭൂതി, അവാച്യമായ ഒരു നിർവൃതി അനുഭവപ്പെട്ടു. ആദ്യം വായിച്ച നോവൽ 'ചെമ്മീൻ' ആണെന്നാണ് ഓർക്കുന്നത്. പിന്നീട് അത് എത്രതവണ വായിച്ചിട്ടുണ്ടെന്ന് കണക്കില്ല. ഓരോ തവണ വായിക്കുമ്പോഴും പുതുതായി വായിക്കുന്ന അനുഭൂതി. ബഷീറിന്റെ 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' ആദ്യം വായിച്ചപ്പോൾ പിടികിട്ടിയില്ല. അതു മാറ്റിവെച്ച് 'ബാല്യകാലസഖി'യും 'പാത്തുമ്മയുടെ ആട്'-ഉം വായിച്ചു. ബഷീറിന്റെ തൂലിക സൃഷ്ടിച്ച അത്ഭുതലോകം കണ്ടപ്പോൾ ആ അത്ഭുതമനുഷ്യനെ കാണണമെന്ന അദമ്യമായ ആഗ്രഹമുണ്ടായി. ഒരിക്കൽ അതെന്നെ 'വയലാലി'ൽ എത്തിച്ചു.

"എഴുതുമോ?" ബഷീർ ചോദിച്ചു.

"കുറച്ചു കഥകൾ എഴുതിയിട്ടുണ്ട്" - നാണിച്ച് നാണിച്ച് ഞാൻ പറഞ്ഞു.

"എഴുതണം... നിർത്തരുത്.... ബഷീർ പ്രോത്സാഹിപ്പിച്ചു. പക്ഷേ.....

ഒരു സുഹൃത്ത് പറഞ്ഞിട്ടാണ് 'നാലുകെട്ട്' ഞാനാദ്യമായി വായിച്ചത്. എം.ടിയുടെ മാന്ത്രികഭാഷ - ആത്മാവ് മന്ത്രിക്കുന്നതുപോലെയുള്ള ഭാഷ. എന്റെ മനസ്സ് മന്ത്രിക്കാൻ തുടങ്ങി. അതെന്നെ എം.ടിയുടെ എന്നത്തേയും ആരാധകനാക്കി. 'മഞ്ഞ്' വായിക്കുന്നത് പിന്നെയും കുറേ കഴിഞ്ഞാണ്. എന്നെ ഏറ്റവും കൂടുതൽ സ്പർശിച്ച, ആഹ്ലാദിപ്പിച്ച നോവൽ. ഞാൻ ഏറ്റവും കൂടുതൽ തവണ വായിച്ച കൃതിയും 'മഞ്ഞ്' ആണ്. അതിനോടുള്ള പ്രേമം എന്നെ നൈനിറ്റാളിൽ എത്തിച്ചു. വിമല താമസിച്ചിരുന്ന ബോഡിംഗ് ഹൗസ് തേടിയലഞ്ഞു. അവൾ നടന്നുപോയ വഴികളിലൂടെ നടന്നു. അവിടത്തെ നിശ്ചലമായ തടാകത്തിൽ നോക്കിയിരുന്നുകൊണ്ട് വിമലയുടെ ഹതാശമായ ജീവിതം ദുഃഖത്തോടെ അയവിറക്കി.

പിൽക്കാലത്ത് മുകുന്ദന്റെയും കാക്കനാടന്റെയും ഒ.വി.വിജയന്റെയും കഥകളും നോവലുകളും എന്നെ വിസ്മയിപ്പിച്ചു. എന്റെ സിരാപടലങ്ങളെ ത്രസിപ്പിച്ചു. യുവാക്കളുടെ ഹരമായിരുന്ന മുകുന്ദനോടുള്ള ആരാധന എന്നെ മയ്യഴിയിലും ഹരിദ്വാറിലും ലജ്പത് നഗറിലുള്ള അമർകോളനിയിലെ മുകുന്ദന്റെ വസതിയിലും വരെ എത്തിച്ചു.

പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി ഒരു കഥയെഴുതിയത്. അത് എന്നെ അത്ഭുതപ്പെടുത്തുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തു. ആ കഥ കോളേജ് മാഗസിനിൽ അച്ചടിച്ചുവന്നു! എനിക്കും കഥ എഴുതാനാവുമെന്ന് ആ കഥ എന്നോട് പറഞ്ഞു.

പുറംലോകം അറിയുന്ന ആദ്യത്തെ കഥ പ്രസിദ്ധീകരിച്ചത് 'കുങ്കുമ'ത്തിലാണ് - 'സമർപ്പണം'. പോസ്റ്റു വഴി അയച്ച ആ കഥ അടുത്ത ലക്കത്തിൽ തന്നെ പ്രസിദ്ധീകരിക്കപ്പെട്ടു! ആ കഥ എങ്ങനെ എന്റെ മനസ്സിൽ രൂപപ്പെട്ടുവെന്ന് ഇന്ന് ഓർക്കാൻ കഴിയുന്നില്ല. അക്കാലത്തെ സെന്റിമെന്റ്സ് നിറഞ്ഞ മനസ്സ് തുന്നിയെടുത്തതാകാം. പക്ഷേ ഒന്ന് നന്നായി ഓർക്കുന്നു. ഒരൊറ്റ ഇരുപ്പിൽ ആ കഥ എഴുതിത്തീർത്തിരുന്നു. കഥയുടെ രംഗത്തു നവാഗതനായ എന്റെ ആദ്യത്തെ കഥ യാതൊരു ശുപാർശയും പരിചയവുമില്ലാതെ തന്നെ പ്രസിദ്ധീകരിച്ചുവെന്നതിന്റെ ആവേശത്തിൽ അടുത്ത കഥ (മുത്തുമണികൾ) ഉടൻ തന്നെ 'കുങ്കുമ'ത്തിന് അയച്ചു. അതു പക്ഷെ ആദ്യത്തെ കഥയുടെ വേഗത്തിൽ അച്ചടിച്ചു വന്നില്ല. കാരണം അന്വേഷിച്ച് ഞാൻ കുങ്കുമം ഓഫീസിൽ ചെന്നു. പലരേയും കണ്ടശേഷം വൈക്കം ചന്ദ്രശേഖരൻ നായരുടെ മുമ്പിൽ എത്തിപ്പെട്ടു. മനോഹരമായ വെള്ളിത്തലമുടി നീട്ടി വളർത്തി,

വലിയ പവർഗ്ലാസ് ധരിച്ച്, തിളക്കമുള്ള കണ്ണുകളോടെ അദ്ദേഹം എന്നെ നോക്കി പുഞ്ചിരിച്ചു. എന്നെ നേരിൽ കാണാൻ കാത്തിരിക്കുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കഥയുടെ പുരോഗതിയിലും കഥാപാത്രസൃഷ്ടിയിലും 'ടിസ്റ്റു'കൾ വരുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം സംസാരിച്ചു. അതുവരെ പറ്റിയ കടം വീട്ടാതെ സാധനങ്ങൾ കൊടുക്കില്ലെന്ന് നിർദ്ദയം പറഞ്ഞുവിട്ട പറ്റുകാരിയെ, തിരിച്ചുവിളിച്ച് അരിസാമാനങ്ങൾ കൊടുത്ത കച്ചവടക്കാരന് മനുഷ്യത്വത്തിന്റെ മുഖം നല്കി മിഴിവു നൽകിയത് വൈക്കത്തിന്റെ അനുഗൃഹീത തൂലികയായിരുന്നു. ഈ ഉദാരമായ സ്നേഹം എനിക്ക് വൈക്കത്തെ നേരിൽക്കണ്ട് കഥയേല്പിക്കാൻ ധൈര്യം നൽകി. അടുത്ത കഥ (നീർച്ചാലുകൾ)യുമായി ചെന്നപ്പോൾ അദ്ദേഹം ഉടൻ തന്നെ അതു വായിച്ചു. സെക്സ് കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട നിയന്ത്രണങ്ങളെപ്പറ്റിയാണ് അന്ന് അദ്ദേഹം സംസാരിച്ചത്. തകഴിയുടെ ഇത്തരം കഥകൾ വായിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു.

ഇതേ കാലത്തു തന്നെയാണ് 'കുങ്കുമ'ത്തിന്റെ സഹോദര പ്രസിദ്ധീകരണമായ 'കേരളശബ്ദ'ത്തിലും ഞാൻ കഥകൾ കൊടുത്തിരുന്നത്. 'അസ്തമനം' അതിലൊന്നാണ്. വൈക്കത്തെപ്പോലെ അതിൽ ആരും തിരുത്തലുകൾ വരുത്തിയില്ല. അതുകൊണ്ട് ആ കഥയിൽ സെക്സിന്റെ അച്ചടക്കം ലംഘിച്ചിട്ടുണ്ടെന്ന് ഞാൻ ശങ്കിക്കുന്നു. ഇവയെല്ലാം പഠിക്കുന്ന കൗമാരകാലത്ത് എഴുതിയവയാണെന്ന് മുൻകൂർ ജാമ്യം ഞാൻ എടുത്തുകൊള്ളട്ടെ. പക്ഷേ 'കേരളശബ്ദ'ത്തിൽ തന്നെ പ്രസിദ്ധീകരിച്ച 'ഇന്നലെ നടന്ന മരണം' എന്ന കഥ എനിക്ക് വളരെ സംതൃപ്തി നല്കിയ ഒന്നാണ്. പ്രമേയത്തിലും ആഖ്യാനത്തിലും അത് എന്റെ കഥകളിൽ വേറിട്ടുനിൽക്കുന്നു.

ഒരു കഥാകൃത്താണ് ഞാൻ എന്ന് പത്തുപേർ അംഗീകരിക്കുകയും അനുമോദിക്കുകയും ചെയ്തത് 'മലയാളനാടി'ൽ ആദ്യമായി പ്രസിദ്ധീകരിച്ച 'തെളിവുകൾ തേടി ഒരാൾ' എന്ന കഥയുടെ വരവോടെയാണ്. അത് ആദ്യം 'മാതൃഭൂമി'യ്ക്ക് അയക്കാനുള്ള സാഹസം കൂടി ഞാൻ കാണിച്ചുവെന്ന രഹസ്യവും ഈ അവസരത്തിൽ വെളിപ്പെടുത്തുകയാണ്. അത് അയച്ചു കഴിഞ്ഞിട്ട് കാമുകിയുടെ ആദ്യത്തെ മറുപടിയ്ക്കു വേണ്ടി കാത്തിരിക്കുന്ന കാമുകന്റെ ഉത്കണ്ഠയോടെയും അക്ഷമയോടെയും ഞാൻ കാത്തിരുന്നു. അത്രയും നാൾ മറ്റൊന്നും എഴുതാനും തോന്നിയില്ല. ഓരോ ആഴ്ചയും കാത്തിരിപ്പിന്റെ മുൾമുനയിൽ നിന്നു. കുറേ നാളുകൾക്ക് ശേഷം 'മാതൃഭൂമി' ആ കഥ തിരിച്ചയച്ചു. അത് എന്റെ സർഗാത്മക ശക്തിയെ മരവിപ്പിച്ചുകളഞ്ഞു. 'മലയാളനാടി'ലെ വി.ബി.സി. നായരാണ് എന്നെ അതിൽനിന്ന് വീണ്ടെടുത്തത്. ആ കഥ കിട്ടിയ ഉടൻ വി.ബി.സി ഒരു കാർഡ് എനിക്കയച്ചു. 'സുഹൃത്തെ, കഥ കിട്ടി. അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നു'. ആ കത്ത് ഇന്നും ഒരു നിധിപോലെ ഞാൻ ഭദ്രമായി സൂക്ഷിക്കുന്നു. എന്നെ അല്പമെങ്കിലും ശ്രദ്ധേയനാക്കിയത് ഈ കഥയാണ് – 'തെളിവുകൾ തേടി ഒരാൾ'. അതുകൊണ്ടാണ് ആ പേര് സമാഹാരത്തിനു നൽകിയിരിക്കുന്നത്. അടുത്തു തന്നെ 'അകലേക്ക്' എന്ന കഥയും 'മലയാളനാടി'ൽ പ്രസിദ്ധീകരിച്ചു. ഈ കഥയും വളരെപേർ ശ്രദ്ധിച്ചു. 'കിഴവൻ' എന്ന കഥ സി.പി.ശ്രീധരന്റെ പത്രാധിപത്യത്തിൽ 'വീക്ഷണം വാരാന്ത്യപ്പതിപ്പി'ൽ പ്രസിദ്ധീകരിച്ചതാണ്. ഞാൻ നേരിൽ കണ്ട ഒരു സംഭവമാണെന്ന പ്രത്യേകത ഈ കഥയ്ക്കുണ്ട്.

'നക്സലൈറ്റ്', 'കത്തിയെരിയുന്നൊരു ചോദ്യം' എന്നീ കഥകളും എനിക്ക് പ്രിയപ്പെട്ടവയാണ്. 'കുട്ടാപ്പു' എന്ന കഥ ഒരു പ്രവാസി മാസികയിൽ പ്രസിദ്ധീകരിച്ചതാണ്. എന്റെ നാട്ടിലെ ഒരു യഥാർത്ഥ വ്യക്തിയുടെ ജീവിതം തന്നെയാണ് ഇതിന്റെ ഇതിവൃത്തമാക്കിയിരിക്കുന്നത്. ആവശ്യം കഴിയുമ്പോൾ പുറംതള്ളപ്പെടുന്നതിന്റെ ദുരന്തം പേറുന്നവരുടെ ഒരു പ്രതിനിധിയാണ് കുട്ടാപ്പു.

വളരെ ആഹ്ലാദമുണ്ട് എന്റെ ചെറുപ്പകാലത്തെ മനോവേഗങ്ങളും നാഡിമിടിപ്പുകളും വീണ്ടും അനുഭവിച്ചറിയാൻ കഴിഞ്ഞതിൽ. അന്ന് ഇവയൊക്കെ എങ്ങനെ എഴുതാൻ കഴിഞ്ഞു; ഓരോ സൂക്ഷ്മാംശവും ഇത്ര വിശദമായി എങ്ങനെ പ്രതിപാദിയ്ക്കാൻ കഴിഞ്ഞു എന്നൊക്കെ ഞാൻ ഇപ്പോൾ ആശ്ചര്യപ്പെടുന്നു. ആ തിളയ്ക്കുന്ന യൗവനകാലത്തും ദുരൂഹമായ ഏതിനെയൊക്കെയോ അന്വേഷിച്ചു പോകാനുള്ള ഒരു ദാർശികന്റെ ഗൗരവചിന്ത എന്റെ മനസ്സിൽ കൂടുവച്ചിരുന്നോ എന്നും ഞാൻ അത്ഭുതപ്പെടുന്നു.

*



## നാടാർ പാരമ്പര്യ പഴഞ്ചൊല്ലുകൾ



വിവർത്തനം
**സി. സ്വയംഭു**

സമ്പാദക
എം. സെബാസ്റ്റിനാൾ മാസ്റ്റർലി

1. ഉപ്പൈ തിന്തവൻ തണ്ണീർ കുടിപ്പാൻ
2. ഉയര ഉയര പറന്താലും ഊർ കുരുവി പരുന്താകാത്
3. ഉയിരൈ കൊണ്ടുപോകത് ഉടയനാഥൻ ഊഴിയം പിശാച്
4. ഉരലിൽ അകപ്പെട്ടത് ഉലൈക്കയ്ക്ക് തപ്പുമാ
5. ഉരലിൽ തലൈ കൊടുത്ത പിറക് ഉലക്കക്ക് പയന്താൽ മുടിയുമാ
6. ഉരലിക്ക് ഒരു പക്കം ഇടി മത്തളത്തിക്ക് ഇരുപക്കവും ഇടി
7. ഉരുസി കണ്ട പൂനൈ  ഉറിയൈ ഉറിയൈ താവും
8. ഉരുവത്തൈയല്ല; കുലൈത്തൈ പാർ, പണത്തൈയല്ല;
   സനത്തൈ പാർ
9. ഉഴക്കിൽ കിഴക്കാ മേക്കാ ?
10. ഉഴക്ക് എണ്ണൈ വാങ്കി; ഉഴക്ക് എണ്ണൈ വിറ്റാലും
    തലക്ക് എണ്ണൈ മിഞ്ചും.
11. ഉഴവൻ കണക്ക് പാർത്താൽ ഉഴവ് കമ്പ് താൻ മിച്ചം
12. ഉഴവ് സമയത്തിലെ ഊർ വഴി പോനാൽ
    അറുപ്പു സമയത്തിലെ ആൾ പാർക്ക് വേണ്ടാം
13. ഉഴുകിറവൻ ഇളപ്പമാനാൽ എരുതു മച്ചിനമുറൈ കൊണ്ടാട്ടം
14. ഉഴുകിറ കാലത്തിൽ ഊർ സുറ്റി വിട്ട്
    അറുക്കിറ കാലത്തിൽ അരുവാൾ എടുത്തു വന്താനാ?
15. ഉഴുകിറ മാട് വിത്തറിയ വേണ്ടാം.

Vol.16 No. 08, September 2021
Date of Publication: 02-09-2021
Govt. Media List No. G.O.(P) No. 10/2016/I&PR

SUSHUPTHI MONTHLY
PRICE: Rs 5/-

KL/TV(N)/WPP/209/2019-21
Licensed to Post without Pre - Payment
KL/TV(N)/574/2019-2021
Reg. No. 36072/81

# തിരുവിതാംകൂർ മാന്വലിൽ നിന്ന്
# നാടാർ ആര്? നാഗമയ്യ എഴുതുന്നു.

**എ.എസ്.ഷെൽട്ടൻ ജോർജ്ജ്**



തിരുനെൽവേലി, തെക്കൻ തിരുവിതാംകൂർ എന്നിവിടങ്ങളിൽ കൂട്ടമായി അധിവസിക്കുന്ന ഒരു വിഭാഗമാണ് ചാന്നാർ. തമിഴ് മാതൃഭാഷയാക്കിയ ദ്രാവിഡ ജനവിഭാഗമാണിവർ. സാൾ എന്ന തമിഴ്പദത്തിൽ നിന്നും രൂപം കൊണ്ട ഷാന്ദ്രാർ എന്നതാണ് ഇവരുടെ ശരിയായ നാമധേയം. ഒരേ പാതയിൽ നിന്നുരുത്തിരിഞ്ഞു വന്നവയാണ് ഷാൻറോർ, ഷാന്ദ്രവർ എന്നീ പേരുകളെങ്കിലും ഷാന്ദ്രാർ എന്നതിൽ നിന്നു വ്യത്യസ്ഥ രൂപങ്ങളാണ്.

തമിഴ് സാഹിത്യത്തിൽ കാണുന്ന ചില ഒറ്റപ്പെട്ട സൂചനകളും ഈ ജനതയുടെ ചില പ്രത്യേക പാരമ്പര്യങ്ങളും ചേർത്ത് പഠിക്കുമ്പോൾ ഷാനാർ എന്നത് വടക്കുനിന്നും തെക്കോട്ട് കുടിയേറിയ യുദ്ധപ്രിയരും സാഹസികരുമായ ജനവിഭാഗമാണെന്നും കാണാം. ഇവരെ കാളിപുത്രർ (ഭദ്രകാളിയുടെ മക്കൾ) എന്നു വിളിച്ചിരുന്നു. ഭദ്രകാളി ഇവരുടെ കുലദൈവമാണ്. കൃഷ്ണ – ഗോദാവരി നദികൾക്കിടയിലെ ഭൂപ്രദേശത്താണ് ഇവരുടെ ആദ്യ താവളമെന്ന് ചില ചരിത്രരേഖകൾ പറയുന്നു. എന്നാൽ, സിലോണിന്റെ വടക്കൻ പ്രദേശങ്ങളിൽ നിന്നും വന്നവരായിരിക്കാം ഇവർ എന്ന് ബിഷപ്പ് കാൾഡ് വെൽ പറയുന്നു. അതിനാൽ ഇതരദ്രാവിഡ വിഭാഗങ്ങളുടെ കാലഘട്ടവുമായി താരതമ്യ പഠനം വേണ്ടിവരുന്നു. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഭരണം കൈയാളിയിരുന്നതായും രേഖകൾ പറയുന്നു. സൗത്ത് ഇൻഡ്യൻ സ്കെച്ചസ് എന്ന പുസ്തകത്തിൽ എസ്. ഡക്കർ പറയുന്നത് ഇവർ മണ്ണിന്റെ മക്കൾ എന്നാണ്. തിരുനെൽവേലി മേഖലയിൽ നാടാർ എന്ന ഷാനാർ ഒരു വസ്തു വിറ്റാലും ഭൂപ്രഭുത്വ സമ്പ്രദായം പോലെ ഒരു തരം ഒഴുമുറി അവകാശം നിലനിൽക്കുമായിരുന്നു.



തിരുനെൽവേലിയിൽ നിന്നോ തിരുനെൽവേലി വഴിയോ ആയിരിക്കാം ഷാനാർ ജനത തിരുവിതാംകൂറിന്റെ തെക്കൻ പ്രദേശങ്ങളിൽ കുടിയേറിയത്. തിരുവിതാംകൂർ രാജാക്കന്മാർ അവരുടെ വിവിധങ്ങളായ ആവശ്യങ്ങൾക്കായി കാലാകാലങ്ങളിൽ കൊണ്ടുവന്ന് കുടി പാർപ്പിച്ചവരും ഇവരിൽ ഉൾപ്പെടുന്നു. ഇരണിയൽ മേഖലയിലാണ് ഏറ്റവും കൂടുതൽ ഷാനാർമാർ ഉണ്ടായിരുന്നത്. തിരുവിതാംകൂറിൽ ആകെയുള്ള 1,55,864 ഷാനാരിൽ 43,044 പേരും ഇരണിയലിൽ ആയിരുന്നു. അഗസ്തീശ്വരത്ത് 23,718 ഉം തോവാളയിൽ 3,263 പേരും. വിളവൻകോട്, കൽക്കുളം, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിലും ഇവർ കൂട്ടമായി അധിവസിച്ചു.

മറ്റുള്ളവർ ഇവരെ ഷാനാർ എന്നു വിളിച്ചപ്പോൾ ഇവർ തമ്മിൽ തമ്മിൽ നാടാർ എന്ന് സംബോധന ചെയ്തിരുന്നു. നാടാർ എന്നത് ഒരു സ്ഥാനപ്പേര് കൂടിയായിരുന്നു. തൃപ്പാപ്പൂർ നാടാർ, ഉദയ മാർത്താണ്ഡ നാടാർ, നാഗമണി മാർത്താണ്ഡ നാടാർ തുടങ്ങിയ സ്ഥാനപ്പേരുകൾ ഇവർക്ക് തിരുവിതാംകൂർ രാജാക്കന്മാർ കൽപ്പിച്ചു നൽകിയിരുന്നു. ഷാനാർ എന്ന് ചില ഈഴവ കുടുംബങ്ങളേയും അക്കാലത്ത് വിളിച്ചിരുന്നു. വലങ്കൈ – ഉയർച്ച – കൊണ്ടാർ എന്നും വലങ്കൈ – ഉയ – കൊണ്ടാർ എന്നും ചില ഷാനാർക്ക് സ്ഥാനപ്പേരുണ്ടായിരുന്നു. പഴയകാല ആധാരങ്ങളിൽ ഈ പ്രയോഗങ്ങൾ കാണാൻ കഴിയും. ഈ വിഭാഗത്തിലെ മുതിർന്ന ആളെ പെരിയ നാടാൻ, തുറട്ട് നാടാൻ, മുതൽ പറ്റ് നാടാൻ, കരകര നാടാൻ തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടിരുന്നു. അധ്വാന വർഗ നാടാരുടെ നേതാവിനെ മുക്കണ്ടൻ എന്ന് വിളിച്ചിരുന്നു.

കാഴ്ചയിൽ ഇരുണ്ട നിറക്കാരും കുഴിഞ്ഞ കണ്ണുകളും വ്യക്തമായ കവിളെല്ലുകളോടു കൂടിയവരുമാണ്. പുരുഷൻമാർ നിബിഡമായ മുടി പിന്നോട്ടൊതുക്കുന്നവരും സ്ത്രീകൾ ഒതുക്കി പിറകിൽ കെട്ടുന്നവരുമാണ്.

*

## വരിസംഖ്യ അയച്ചുതരണം

**സുഷുപ്തി മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിന് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടെന്നറിയാമല്ലോ. മാന്യവായനക്കാർ വരിസംഖ്യ അയച്ചു തന്ന് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ പോസ്റ്റാഫീസിൽ നിന്നും മണിയോർഡറായി അയക്കാവുന്നതാണ്. അല്ലാത്ത പക്ഷം സുഷുപ്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കും അയക്കാം.**

**പേര് : സുഷുപ്തി മാസിക**
**അക്കൗണ്ട് നമ്പർ : 62269144219**
**ബാങ്ക് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ**
**ബ്രാഞ്ച്: പുത്തൻചന്ത** IFSC SBIN0070026

Edited, Printed, Published & Owned by A.S. Ahimohanan; Printed at Chackala Printers for Aradhika Printers,Gandhari Amman Kovil Road Thiruvananthapuram, Published from Dinakairali Bhavan, Mob:9349808720. Kunnampuram, Thiruvananthapuram-1, Kerala